കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ

## 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
Email: lfadtvm@yahoo.in

കെ.എസ്.എ.റ്റി.വി.എം.മിസ്.1/1200/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം – 695 001.

Phone No: 0471-2331231

Email: lfadtvm@yahoo.in
തീയതി:05.01.2021

ജോയിന്റ് ഡയറക്ടർ

ഡയറക്ടർ,
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

സർ,

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18, 2018-19 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*****

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18, 2018-19 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

<u>പകർപ്പ്:</u>

(1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

(2) കാര്യാലയപ്രതി.

നം.കെ.എസ്.എ.റ്റി.വി.എം/മിസ്.1/1200/2020 തീയതി:05.01.2021

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18, 2018-19 വർഷങ്ങളിലെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

*****

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെപേരും ഉദ്യോഗപ്പേരും | ശ്രീ. എ.മുഹമ്മദ് നിസാർ,<br>(ജോയിന്റ് ഡയറക്ടർ) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ<br>പേരും ഉദ്യോഗപ്പേരും | ശ്രീ.സാബു.ജി<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി.ബിന്ദു.ഒ.<br>(അസി.ഓഡിറ്റ് ഓഫീസർ)<br>ശ്രീ.സുജേഷ്.എസ്.,<br>ശ്രീമതി ലേഖ.എം. എൽ.<br>(സീനിയർ ഗ്രേഡ് ഓഡിറ്റർമാർ)<br>ശ്രീ. ശരത്.ജെ.ശങ്കർ,<br>ശ്രീ. ഷെഹിൻ.എം.എസ്.<br>(ഓഡിറ്റർമാർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2020 മുതൽ 30.10.2020 വരെ |

### നിർവ്വഹണാധികാരികൾ

| | |
|---|---|
| ഡയറക്ടർ | ശ്രീ. പള്ളിയറ ശ്രീധരൻ<br>01.04.2017 മുതൽ 31.3.2019 വരെ) |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | ശ്രീ.ആർ.മധു,<br>(01.04.2017മുതൽ 31.3.2019 വരെ ) |
| ഫിനാൻസ് ഓഫീസർ | ശ്രീമതി.ഷൈലാബീവി.എസ്<br>(01.04.2017 മുതൽ 31.01.2018 വരെ) |
| | 01.02.2018 മുതൽ 30.04.2018 വരെ<br>തസ്തിക ഒഴിഞ്ഞു കിടന്നു |
| | ശ്രീമതി. ഇന്ദു.ജി.<br>(01.05.2018 മുതൽ 31.03.2019 വരെ) |
| ഓഫീസ് മാനേജർ | ശ്രീമതി. എസ്.എസ്. ഗിരിജ<br>(01.04.16 മുതൽ 31.07.18 വരെ) |
| | |

| | |
|---|---|
| | ശ്രീ.ബി.എസ്.പ്രദീപ് കുമാർ<br><br>01.08.18 മുതൽ 31.03.2019 വരെ) |
| കാഷ്യർ | ശ്രീമതി. റ്റി. രാജലക്ഷ്മി,<br><br>(01.04.17 മുതൽ 31.03.2018വരെ) |
| | ശ്രീമതി.സിജി ടോം<br><br>(01.04.18 മുതൽ 31.03.2019വരെ) |

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18, 2018-19 വർഷങ്ങളിലെ വരവു-ചെലവു കണക്കുകൾ ഓഡിറ്റിനു വിധേയമാക്കി. 01.04.2017 മുതൽ 31.03.2019 വരെയുള്ള കാലയളവിൽ സ്ഥാപനത്തിന് ലഭിച്ച വരവുകൾ അവയുടെ ഒടുക്ക്, പിൻവലിക്കൽ എന്നിവയും, തളിര് പ്രസിദ്ധീകരണത്തിന്റെ വരവ്, ഒടുക്ക്, പിൻവലിക്കൽ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

## ഭാഗം -1

## പൊതു അവലോകനം

### 1-1 ആമുഖം

തിരുവിതാംകൂർ-കൊച്ചി ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 (1955 ലെ ആക്ട് 12) പ്രകാരം 27.05.1991 ലെ ജി.ഒ.(എം.എസ്) 86/81/എച്ച്.ഇ.ഡി.എൻ എന്ന ഉത്തരവിലൂടെ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. കുട്ടികൾക്ക് വേണ്ടി വൈജ്ഞാനിക സാഹിത്യ സൃഷ്ടികളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുക, ഭാഷാഭിവൃദ്ധിക്കുവേണ്ടി സെമിനാർ, സാഹിത്യ രചനാ വർക്ക്ഷോപ്പ് തുടങ്ങിയവ നടത്തി ഭാഷാപരിചയം കൂട്ടുന്നതിനും അവരിലുള്ള അഭിരുചികളെ കണ്ടെത്തുന്നതിനും സാഹിത്യ വാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും ശ്രമിക്കുക, നിലവാരമുള്ള സാഹിത്യ രചനകളുടെ തർജ്ജമ നടത്തുക, അന്യഭാഷാ സൃഷ്ടികൾ മലയാളത്തിൽ ലഭ്യമാക്കുക, ലഭ്യത കുറഞ്ഞതും ഉൽകൃഷ്ടവുമായ ബാലസാഹിത്യ രചനകൾ റീപ്രിന്റ് ചെയ്യുക, കുട്ടികളുടെ രചനകളെ പ്രോത്സാഹിപ്പിക്കുക, ലൈബ്രറികളും മ്യൂസിയങ്ങളും കുട്ടികൾക്കായി ആസൂത്രണം ചെയ്യുകയും നിലവിലുള്ള ലൈബ്രറികളിൽ കുട്ടികൾക്കായി വായനാമൂല തയ്യാറാക്കുകയും ചെയ്യുക, താരതമ്യേന കുറഞ്ഞ ചെലവിൽ നല്ല സാഹിത്യ രചനകൾ ലഭ്യമാക്കുക, കുട്ടികളുടെ രചനകളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി അവാർഡും പ്രോത്സാഹന സമ്മാനങ്ങളും നൽകുക, സമൂഹത്തിലെ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കിടയിലുള്ള കുട്ടികൾക്കായി പ്രത്യേകം പുസ്തകങ്ങൾ വാങ്ങി നൽകുക, സ്കൂളുകളിലും പഠനം പാതിവഴിയിൽ ഉപേക്ഷിച്ചവരെയും കണ്ടെത്തി അവർക്കും പുസ്തകങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കുക, സാഹിത്യ മത്സരങ്ങൾ നടത്തുക തുടങ്ങിയവയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.

### 1-2 ഓഡിറ്റിന്റെ പ്രസക്തി

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് (കേരള) സൊസൈറ്റി ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### 1-3 ഭരണ സംവിധാനം

സർക്കാർ കാലാകാലങ്ങളിൽ നിയമിക്കുന്ന കൗൺസിൽ ഓഫ് ട്രസ്റ്റീസ് ആണ് ഭരണസമിതി. ഇതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

1) പ്രസിഡന്റ്- വിദ്യാഭ്യാസ വകുപ്പ് മന്ത്രി.

2) വൈസ് പ്രസിഡന്റ്- ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നോ വിദ്യാഭ്യാസ വകുപ്പിൽ നിന്നോ ഉള്ള സെക്രട്ടറിമാരിൽ നിന്നും പ്രസിഡന്റ് നോമിനേറ്റ് ചെയ്യുന്ന ആൾ.

3) ഫിനാൻസ് കമ്മീഷണർ ആന്റ് സ്പെഷ്യൽ സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം നോമിനേറ്റ് ചെയ്യുന്ന ആൾ.

4) പൊതുഭരണ ഡയറക്ടർ (ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്).

5) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

6) ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന അനൗദ്യോഗിക അംഗങ്ങൾ (കുറഞ്ഞത് നാലു പേരെങ്കിലും) (നിലവിൽ 13 പേർ).

7) ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ (മെമ്പർ സെക്രട്ടറി).

ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ചട്ടം 13 ൽ നിഷ്കർഷിക്കുന്നത് നാലുമാസത്തിലൊരിക്കൽ കൗൺസിൽ യോഗം കൂടണമെന്നാണ്. എന്നാൽ ഇത് പാലിക്കുവാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. അതുപോലെ ചട്ടം 10(2) ൽ പ്രസിഡന്റോ അദ്ദേഹം നോമിനേറ്റ് ചെയ്യുന്ന ആളോ ഉൾപ്പെടെ 4 അംഗങ്ങൾ ഉണ്ടെങ്കിൽ ക്വാറം തികയുമെന്നാണ് വ്യവസ്ഥ. എന്നാൽ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി തീർന്നതിനുശേഷം കൗൺസിൽ കൂടുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. ഇത് മെമ്പർ സെക്രട്ടറിയുടെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാണ്. 2017-18, 2018-19 എന്നീ രണ്ട് സാമ്പത്തിക വർഷത്തിനുള്ളിൽ ആകെ നാല് തവണ മാത്രമാണ് ഭരണസമിതി യോഗം കൂടിയിട്ടുള്ളത്.

## 1-4 ബജറ്റ്

ഓഡിറ്റ് വർഷങ്ങളിലെ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | വർഷം | വകയിരുത്തിയ തുക (ചെലവ്) | ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|---|
| 1 | 2017-18 | 15500000 പ്ലാൻ<br>12910000 നോൺ പ്ലാൻ | 18.8.17 |
| 2 | 2018-19 | 17000000 പ്ലാൻ<br>13500000 നോൺ പ്ലാൻ | 23.1.2019 |

മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ റൂൾ 11(3) പ്രകാരം ഏപ്രിൽ ആദ്യവാരം തന്നെ കൗൺസിൽ അംഗീകരിച്ച ബജറ്റ് അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. സർക്കാരിൽ നിന്നും ആവശ്യപ്പെടുന്നത് അനുസരിച്ച് ബജറ്റ് പ്രോപ്പോസൽ തയ്യാറാക്കി അയച്ചശേഷം തുടർന്ന് കൂടുന്ന ഭരണ സമിതിയിൽ വച്ച് അംഗീകാരം വാങ്ങുന്നു. ബജറ്റ് ഭരണ സമിതി അംഗീകാരത്തോടെ ഏപ്രിൽ ആദ്യ വാരം തന്നെ സർക്കാരിന് സമർപ്പിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-5 സാമ്പത്തിക സ്രോതസ്സുകൾ

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സ് ഗവൺമെന്റിൽ നിന്നും പ്ലാൻ/നോൺ പ്ലാൻ ഇനങ്ങളിൽ ലഭിക്കുന്ന ഗ്രാന്റുകളാണ്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന വിവിധ പുസ്തകങ്ങളുടെ വിൽപ്പന, തളിര് കുട്ടികളുടെ മാസിക വിൽപ്പന എന്നിവയിൽ നിന്നും ലഭിക്കുന്ന വരുമാനവും ഉൾപ്പെടുന്നുണ്ട്.

## 1-6 ഓഡിറ്റ് വർഷം ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ

2017-18, 2018-19 സാമ്പത്തിക വർഷം ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1)സർഗ്ഗ വസന്തം സഹവാസ ക്യാമ്പുകൾ - കുട്ടികൾക്കായി എട്ട് ജില്ലകളിൽ സർഗ്ഗ വസന്തം 2017 എന്ന പേരിൽ നാടകം, കവിത, കഥ, ചിത്രീകരണം, മാധ്യമം, ശാസ്ത്രം പരിസ്ഥിതി എന്നീ വിഷയങ്ങളിലായി അവധിക്കാല സഹവാസ ക്യാമ്പുകൾ സംഘടിപ്പിച്ചു.

2) അക്ഷരയാത്ര -മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാഷയുടെ മഹത്വവും പ്രാധാന്യവും വിളംബരം ചെയ്തുകൊണ്ട് വിവിധ ജില്ലകളിലെ സ്കൂളുകളിൽ അക്ഷരയാത്ര സംഘടിപ്പിച്ചു.

3)പുസ്തകമേള - പുസ്തക മേള, പുസ്തകപ്രദർശനം എന്നിവ വിവിധ ജില്ലകളിൽ നടപ്പിലാക്കി.

4) ബാലസാഹിത്യ ശില്പശാലകൾ - കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

5) ബാലസാഹിത്യ പുരസ്കാരം - 2018 മാർച്ച് 12 ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു.

6) ദക്ഷിണേഷ്യൻ സാംസ്കാരികോത്സവം-സെമിനാർ കണ്ണൂർ ജില്ലയിൽ നടത്തി.

7)അന്താരാഷ്ട്ര ചലച്ചിത്രമേള – 2018 മേയ് 14 മുതൽ 20 വരെ അന്താരാഷ്ട്ര ചലച്ചിത്രമേള സംഘടിപ്പിച്ചു. പ്രസ്തുത മേളയിൽ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങളുടെ പ്രദർശനവും വിൽപനയും സംഘടിപ്പിച്ചു.

8) നെഹ്റു സ്മൃതി 2018 – നവംബർ 1 മുതൽ 14 വരെ ശിശുദിന പരിപാടികൾ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു(ഓരോ ജില്ലയിലും ഓരോ ദിവസം). ഇതോടനുബന്ധിച്ച് 50 പുസ്തകങ്ങൾ പ്രകാശനം ചെയ്യുകയും തളിര് മാസികയുടെ പ്രചരണം, പുസ്തകപ്രദർശനം, കുട്ടികൾക്കായി മത്സരങ്ങൾ സമ്മാനദാനം, പൊതുസമ്മേളനങ്ങൾ മുതലായവ സംഘടിപ്പിച്ചു.

9) സംസ്ഥാന ശാസ്ത്ര ശില്പശാല സെമിനാർ- കുട്ടികൾക്കായി സംസ്ഥാനതല ശാസ്ത്ര ശില്പശാല സംഘടിപ്പിച്ചു

10) ബാലസാഹിത്യ അവാർഡ് - 2018 ലെ ബാലസാഹിത്യ പുരസ്കാരങ്ങളും പാലാ കെ.എം. മാത്യു പുരസ്കാരവും 2019 മാർച്ച് 16 ന് പാലക്കാട് ജില്ലയിൽ സംഘടിപ്പിച്ചു.

## 1-7 ആഭ്യന്തര നിയന്ത്രണം

1.ഓഫീസ് ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകളുടെ സാമ്പത്തിക സ്ഥിതി എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി കാഷ്യർ ഫിനാൻസ് ഓഫീസർക്ക് സമർപ്പിക്കുന്നു. എന്നാൽ ഫണ്ടുകളുടെ നിജസ്ഥിതി സംബന്ധിച്ച് കൃത്യമായ മേൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തലുകൾ വരുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലും ക്യാഷ് ബുക്കിലും ബാങ്ക് പാസ്സ് ബുക്കിലും ഓരോ ഫണ്ടിന്റെയും മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിൽ അന്തരം നിലനിൽക്കുന്നു

2. മുൻകൂറുകൾ അനുവദിക്കുന്നത് ക്രമീകരിക്കുന്നതിൽ സമയക്ലിപ്തത പാലിക്കപ്പെടുന്നില്ല. നിർദ്ദിഷ്ട മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ മേൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്തി പരിപാലിക്കുന്നില്ല.

3. ആയിരം രൂപയിലധികം വരുന്ന തുകകളുടെ ചെലവ് ചെക്ക്/ഡി.ഡി/ഓൺലൈൻ ട്രാൻസ്ഫർ ആയി മാത്രം നടത്തണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

## 1-8 ക്യാഷ് ബുക്കിലേയും, പാസ്ബുക്കിലേയും നീക്കിയിരിപ്പിലെ വ്യത്യാസം

സ്ഥാപനത്തിന്റെ തനത് അക്കൗണ്ടുകളുടെ കാഷ് ബുക്ക് നീക്കിയിരിപ്പിലെ തുകയും പാസ് ബുക്കിലെ തുകയും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു.ക്യാഷ് ബുക്കിൽ നീക്കിയിരിപ്പുള്ള തുകയെക്കാളും ലക്ഷക്കണക്കിന് രൂപയുടെ കുറവ് പാസ്ബുക്കിൽ കാണുന്നു. വിശദാംശം ചുവടെ

| അക്കൗണ്ട് നമ്പർ | വർഷം | മുന്നിരിപ്പ് | | നീക്കിയിരിപ്പ് | | വ്യത്യാസം | |
|---|---|---|---|---|---|---|---|
| | | ക്യാഷ് ബുക്ക് | പാസ്സ് ബുക്ക് | ക്യാഷ് ബുക്ക് | പാസ്സ് ബുക്ക് | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
| 67178297569 | 2017-18 | 20352639 | 6236910 | 23380490 | 11640.10 | 14115729 (പാസ്ബുക്കിൽ കുറവ്) | 23368849.9 (പാസ്ബുക്കിൽ കുറവ്) |
| | 2018-19 | 23380490 | 11640.10 | 15433736 | 440.60 | 23368849.9 (പാസ്ബുക്കിൽ കുറവ്) | 15433295.4 (പാസ്ബുക്കിൽ കുറവ്) |
| 30583524448 | 2017-18 | 5895769 | 5063504 | 7678701 | 7930947.54 | 832265 (പാസ്ബുക്കിൽ കുറവ്) | 252246.54 (പാസ്ബുക്കിൽ കൂടുതൽ) |
| | 2018-19 | 7678701 | 7930947.54 | 8061375 | 9689787 | 252246.54 (പാസ്സ് ബുക്കിൽ കൂടുതൽ) | 1628411 (പാസ്സ് ബുക്കിൽ കൂടുതൽ) |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14) തുകകൾ പൊരുത്തപ്പെടുത്തിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ക്യാഷ്ബുക്ക് – പാസ്ബുക്ക് നീക്കിയിരിപ്പിന്റെ റീകൺസിലിയേഷൻ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രേഖകൾ സഹിതം ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച തുകകളുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

### 1-9 സ്ഥിരനിക്ഷേപങ്ങൾ

2017-18, 2018-19 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികയിൽ യഥാക്രമം 68,88,841/- രൂപയും 73,34,363/- രൂപയും സ്ഥിര നിക്ഷേപം രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്ഥിരനിക്ഷേപങ്ങൾ ആരംഭിച്ച തീയതി,കാലാവധി, പലിശ നിരക്ക്, സ്ഥിരനിക്ഷേപങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പുതുക്കി നിക്ഷേപിക്കുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ, 2017-18, 2018-19 വർഷങ്ങളിൽ പലിശ ഇനത്തിൽ ലഭിച്ച തുക, സ്ഥിരനിക്ഷേപങ്ങൾ ആരംഭിക്കുന്നതിന് അനുവർത്തിച്ച് വരുന്ന നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തതയില്ല. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22, 30.10.2020) ന് നല്കിയ മറുപടിയിൽ സ്ഥിരനിക്ഷേപങ്ങൾ ബാങ്ക് സ്വമേധയാ ചെയ്യുന്നതാണെന്നും സ്ഥാപനം ഇതിന് വേണ്ടി നടപടികൾ സ്വീകരിക്കുന്നില്ല എന്നും അറിയിച്ചു. സ്ഥിര നിക്ഷേപമായി നിക്ഷേപിക്കുന്ന തുകകൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതുമാണ്.

### 1-10 വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് യഥാസമയം സമർപ്പിക്കുന്നില്ല

ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മെമോറാണ്ടം ഓഫ് അസോസിയേഷൻ ചട്ടം 11(14),(15) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രിക തയ്യാർ ചെയ്ത് ഓഡിറ്റിന് വിധേയമാക്കി ഓരോ വർഷവും സർക്കാരിന് സമർപ്പിക്കേണ്ട ബാധ്യത കൗൺസിലിൽ നിക്ഷിപ്തമാണ്. 22.01.2020-ലെ നം.892/ഡി/18/സി.എൽ കത്ത് പ്രകാരം ഓഡിറ്റിന് സമർപ്പിച്ച 2017-18, 2018-19 വർഷ അക്കൗണ്ടുകൾ ഭരണസമിതി യോഗം അംഗീകാരം നൽകിയിട്ടില്ല. 2018-19 വർഷ അക്കൗണ്ടിന്റെ provisional copyയാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.1/19.10.2020-ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക അക്കൗണ്ടുകൾ തയ്യാറാക്കുന്നത് ചാർട്ടേഡ് അക്കൗണ്ടന്റാണെന്നും 2017-18,2018-19 വർഷങ്ങളിലെ അക്കൗണ്ടുകൾ 05.10.2020-നാണ് ലഭിച്ചിട്ടുള്ളതെന്നും അവ പരിശോധിച്ചശേഷം ഡയറക്ടറും ചാർട്ടേർഡ് അക്കൗണ്ടന്റും ഒപ്പു വയ്ക്കേണ്ടതു ണ്ടെന്നും അതിനുശേഷം ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണെന്നും 2018-19 വർഷ ഫൈനൽ അക്കൗണ്ട് 19.10.2020-ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2017-18, 2018-19 വർഷ അക്കൗണ്ടുകൾക്ക് ഓഡിറ്റ് വേളയിലും ഭരണസമിതി അംഗീകാരം ലഭിച്ചിട്ടില്ല എന്നതും ഓഡിറ്റ് വേളയിൽ അക്കൗണ്ട് തയ്യാറാക്കി നൽകുന്നതും അംഗീകരിക്കാവുന്നതല്ല. ഭരണ സമിതി അംഗീകരിക്കാത്ത വരവു ചെലവുകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നത് ക്രമവിരുദ്ധമാണ്. സാമ്പത്തിക വർഷം അവസാനിക്കുന്ന മുറയ്ക്ക് വാർഷിക കണക്കുകൾ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തോടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സർക്കാർ ഗ്രാന്റ്

2017-18 പ്ലാൻ

| ക്രമ നം. | സർക്കാർ ഉത്തരവ് നമ്പർ, തീയതി | തുക |
|---|---|---|
| 01 | സ.ഉ.(സാധാ,) നം. 345/2017/സാം.കാ.വ. തീയതി 22.05.2017 | 34,95,498.00 |
| 02 | സ.ഉ.(സാധാ,) നം. 48/2018/സാം.കാ.വ. തീയതി 30.01.2018 | 51,66,666.67 |
| 03 | സ.ഉ.(സാധാ,) നം. 231/2018/സാം.കാ.വ. തീയതി 26.03.2018 | 68,00,000.00 |
| | ആകെ | 1,54,62,164.67 |

2017-18 നോൺ പ്ലാൻ

| ക്രമ നം. | സർക്കാർ ഉത്തരവ് നമ്പർ, തീയതി | തുക |
|---|---|---|
| 01 | സ.ഉ.(സാധാ,) നം. 344/2017/സാം.കാ.വ. തീയതി 22.05.2017 | 43,03,334.00 |
| 02 | സ.ഉ.(സാധാ,) നം. 142/2018/സാം.കാ.വ. തീയതി 13.03.2018 | 68,85,000.00 |
| 03 | സ.ഉ.(സാധാ,) നം. 260/2018/സാം.കാ.വ. തീയതി 31.03.2018 | 17,21,666.00 |
| 04 | സ.ഉ.(സാധാ,) നം. 680/2017/സാം.കാ.വ. തീയതി 20.11.2017 | 20,00,000.00 |
| | ആകെ | 1,49,10,000.00 |

2018-19 പ്ലാൻ

| ക്രമ നം. | സർക്കാർ ഉത്തരവ് നമ്പർ, തീയതി | തുക |
|---|---|---|
| 01 | സ.ഉ.(സാധാ,) നം. 568/2018/സാം.കാ.വ. തീയതി 19.09.2018 | 42,50,000.00 |
| 02 | സ.ഉ.(സാധാ,) നം. 50/2019/സാം.കാ.വ. തീയതി 31.01.2018 | 59,50,000.00 |
| | ആകെ | 1,02,00,000.00 |

2018-19 നോൺ പ്ലാൻ

| ക്രമ നം. | സർക്കാർ ഉത്തരവ് നമ്പർ, തീയതി | തുക |
|---|---|---|
| 01 | സ.ഉ.(സാധാ,) നം. 604/2018/സാം.കാ.വ. തീയതി 16.10.2018 | 45,18,333.00 |
| 02 | സ.ഉ.(സാധാ,) നം. 369/2018/സാം.കാ.വ. തീയതി 26.05.2018 | 45,18,333.00 |
| 03 | സ.ഉ.(സാധാ,) നം. 58/2019/സാം.കാ.വ. തീയതി 06.02.2019 | 45,18,334.00 |
| | ആകെ | 1,35,55,000.00 |

## 2-2 ബാലസാഹിത്യം പുസ്തക വില്പന –തുക ഒടുക്കുന്നതിൽ കാലതാമസം

1)പുസ്തക വില്പനയിനത്തിൽ ലഭിച്ച തുക ഇൻസ്റ്റിറ്റ്യൂട്ട് സെയിൽസ് വിഭാഗത്തിൽ നിന്നും ക്യാഷ് വിഭാഗത്തിൽ ഒടുക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | വില്പന നടന്ന തീയതി | രസീത് നം. | വരവ് തുക | ഒടുക്ക് വരുത്തിയ തീയതി |
|---|---|---|---|---|
| 1 | 05.04.17 മുതൽ 07.04.17 വരെ | 5062 മുതൽ 5086 വരെ | 24,266/- | 10.04.17 |
| 2 | 11.04.17 മുതൽ 17.04.17 വരെ | 5089 മുതൽ 5102വരെ | 8,943/- | 18.04.17 |
| 3 | 29.04.17 മുതൽ 02.05.17 വരെ | 5133 മുതൽ 5138 വരെ | 7,091/- | 04.05.17 |
| 4 | 11.05.17 മുതൽ 18.05.17 വരെ | 5164 മുതൽ 5174 വരെ | 23,781/- | 19.05.17 |
| 5 | 22.06.17 മുതൽ 30.06.17 വരെ | 5424 മുതൽ 5617വരെ | 1,55,800/- | 01.07.17 |
| 6 | 08.11.17 മുതൽ 10.11.17 വരെ | 5943 മുതൽ | 5,399/- | 15.11.17 |

| | | | | |
|---|---|---|---|---|
| | | 5953വരെ | | |
| 7 | 01.12.17 മുതൽ 06.12.17വരെ | 6015 മുതൽ 6035വരെ | 13,451/- | 07.12.17 |
| 8 | 30.12.17മുതൽ 02.01.18 വരെ | 6123 മുതൽ 6162വരെ | 1,37,393/- | 03.01.18 |
| 9 | 11.01.18 മുതൽ 16.01.18 വരെ | 6240 മുതൽ 6253വരെ | 31,498/- | 17.01.18 |

2)പുസ്തക വില്പനയിനത്തിൽ ലഭിച്ച തുകകൾ ക്യാഷ് വിഭാഗത്തിൽ ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നതോടൊപ്പം ഒന്നിലധികം തവണകളായാണ് തുക ഒടുക്ക് വരുത്തുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വില്പന നടന്ന തീയതി | വരവ് തുക | ഒടുക്ക് വരുത്തിയതുക | തീയതി |
|---|---|---|---|---|
| 1 | 15.11.17 മുതൽ 18.11.17 വരെ | 6,391/- | 2,600/- | 20.11.17 |
| | | | 3,791/- | 21.11.17 |
| 2 | 08.11.17 മുതൽ14.11.17 വരെ | 11,812/- | 5,399/- | 15.11.17 |
| | | | 6,413/- | 16.11.17 |
| 3 | 27.10.17 മുതൽ 28.10.17 വരെ | 13,587/- | 5,892/- | 30.10.17 |
| | | | 7,695/- | 31.10.17 |
| 4 | 30.10.17 മുതൽ 01.11.17 വരെ | 11,178/- | 10,634/- | 02.11.17 |
| | | | 544/- | 03.11.17 |
| 5 | 07.12.17 മുതൽ 11.12.17 വരെ | 7,031/- | 2,570/- | 12.12.17 |
| | | | 4,461/- | 13.12.17 |
| 6 | 15.03.18 മുതൽ 17.03.18 വരെ | 20,188/- | 7,681/- | 19.03.18 |
| | | | 12,507/- | 20.03.18 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/22.10.2020- ന് ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പുസ്തക വില്പനയിനത്തിൽ ലഭിക്കുന്ന തുകകൾ കേരള ഫിനാൻഷ്യൽ കോഡ് അനുശാസിക്കും പ്രകാരം അതത് ദിവസങ്ങളിലോ തൊട്ടടുത്ത ദിവസമോ ഒടുക്കുവരുത്തേണ്ടതാണ്.

## 2-3 തളിര് മാസിക വില്പന –അപാകങ്ങൾ

2017-18, 2018-19 വർഷങ്ങളിൽ തളിര് മാസികയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ, തളിര് മാസിക വില്പനയുമായി ബന്ധപ്പെട്ട രസീത് ബുക്കുകളുടെ നീക്കിയിരിപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. കൂടാതെ രസീത് ബുക്കുകൾ വിതരണം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്നില്ല.

2)രസീത് ബുക്ക് നം.351 -ലെ രസീത് നം.35001-ഉം ആയതിന്റെ പകർപ്പും രസീത് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

3)22.10.2018-ൽ ശ്രീ.എ.അജയൻ, സെയിൽസ് ഓർഗനൈസറിന് വിതരണം ചെയ്ത രസീതു ബുക്ക് നം.356, 358, 359, 360 എന്നിവ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. കൂടാതെ പ്രസ്തുത രസീതു ബുക്കുകൾ തിരികെ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. മേൽ

വ്യക്തിക്ക് അനുവദിച്ച രസീത് ബുക്ക് നമ്പർ.343 -ലെ നാല് രസീതുകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ഉപയോഗിക്കാത്ത രസീതുകൾ റദ്ദാക്കി സൂക്ഷിച്ചിട്ടില്ല.

4)തളിര് മാസിക വില്പന നടത്തിയതുമായി ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ വില്പന നടത്തിയ തുക ക്യാഷ് സെക്ഷനിൽ ഒടുക്ക് വരുത്തിയത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5)തളിര് സെക്ഷൻ, ക്യാഷ് സെക്ഷൻ എന്നിവിടങ്ങളിലെ രസീത് ബുക്കുകൾ പരിശോധിച്ചതിൽ വരവ് തുക തളിര് സെക്ഷനിൽ നിന്നും ക്യാഷ് സെക്ഷനിൽ ഒടുക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വരവ് തീയതി | രസീത് നമ്പർ | തുക | ഒടുക്ക് വരുത്തിയ തീയതി |
|---|---|---|---|
| 07.04.17 മുതൽ 17.04.17 വരെ | 34501 മുതൽ 34507 വരെ | 5,315/- | 18.04.2017 |
| 17.04.17 മുതൽ 22.04.17 വരെ | 34512 മുതൽ 34524 വരെ | 1,830/- | 24.04.2017 |
| 06.05.17 മുതൽ 11.05.17 വരെ | 34539 മുതൽ 34545 വരെ | 1,285/- | 19.05.2017 |
| 24.05.17 മുതൽ 01.06.17 വരെ | 34556 മുതൽ 34563 വരെ | 4,140/- | 01.06.2017 |
| 28.06.17 മുതൽ 01.07.17 വരെ | 34599 മുതൽ 34606 വരെ | 1,600/- | 03.07.2017 |
| 03.07.17 മുതൽ 12.07.17 വരെ | 34609 മുതൽ 34623 വരെ | 4,590/- | 13.07.2017 |
| 13.07.17 മുതൽ 17.07.17 വരെ | 34624 മുതൽ 34631 വരെ | 8,610/- | 17.07.2017 |
| 03.08.17 മുതൽ 14.08.17 വരെ | 34657 മുതൽ 34669 വരെ | 1,935/- | 16.08.2017 |
| 21.08.17 മുതൽ 13.09.17 വരെ | 34681 മുതൽ 34687 വരെ | 2,520/- | 14.09.2017 |
| 16.09.17 മുതൽ 20.09.17 വരെ | 34691 മുതൽ 34696 വരെ | 3,535/- | 20.09.2017 |

6) 2017-18, 2018-19 വർഷങ്ങളിലെ തളിര് മാസിക വാർഷിക വരിക്കാരുടെ വിശദാംശങ്ങൾ ഉൾപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/22.10.2020 -ന് ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കോംപ്ലിമെന്ററിയായി പുസ്തകങ്ങൾ വിതരണം ചെയ്യൽ - അപാകങ്ങൾ

സ്ഥാപനത്തിൽ നിന്നും പുതുതായി പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ കോംപ്ലിമെന്ററിയായി വിവിധ വ്യക്തികൾക്കും, സ്ഥാപനത്തിന് കീഴിൽ നടപ്പാക്കുന്ന എക്സിബിഷനുകളിലെ സംഘാടകർക്കും അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പുസ്തകങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച മാനദണ്ഡവും ആയതിന്റെ ഗവേണിംഗ് ബോഡി അംഗീകരിച്ച തീരുമാനവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഉദാഹരണമായി 2017-18, 2018-19 വർഷങ്ങളിൽ പുസ്തകങ്ങൾ കോംപ്ലിമെന്ററിയായി അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ബിൽ നം/തീ | തുക |
|---|---|---|
| 1 | 5616/30.06.2017 | 13,605/- |
| 2 | 5617/30.06.2017 | 6,785/- |
| 3 | 6631/17.05.2018 | 7,150/- |
| 4 | 6078/21.12.2017 | 25,085/- |

ക്രമ നം (1), (2), (3) പ്രകാരമുള്ള വില്പന രസീതുകളിൽ പുസ്തകം അനുവദിച്ചു നൽകിയത് സംബന്ധിച്ച ഓഫീസ് ഉത്തരവോ, കൈപ്പറ്റിയ വ്യക്തികളെ സംബന്ധിച്ചോ വ്യക്തമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.05/21.10.20 - ന് ലഭിച്ച മറുപടിയിൽ മുൻവർഷങ്ങളിൽ കോംപ്ലിമെന്ററിയായി പുസ്തകങ്ങൾ അനുവദിച്ചു നൽകിയതിന്റെ തുടർച്ചയായാണ് പുസ്കങ്ങൾ നൽകി വരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. കോംപ്ലിമെന്ററിയായി പുസ്തകങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച ഗവേണിംഗ് ബോഡി അംഗീകാരത്തോടുകൂടി വ്യവസ്ഥകൾ തയ്യാറാക്കേണ്ടതും അതിൻപ്രകാരം പുസ്തകങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്.

## 2-5 ക്രെഡിറ്റിൽ പുസ്തക വില്പന - അപാകങ്ങൾ

2017-18, 2018-19 വർഷങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും 8 സ്ഥാപനങ്ങൾക്ക് ക്രെഡിറ്റിൽ പുസ്തക വില്പന നടത്തിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് ക്രെഡിറ്റിൽ വില്പന നടത്തുന്നതിന്റെയും തുക തിരികെ ഈടാക്കുന്നതിനുള്ള വ്യവസ്ഥകളും സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് ക്രെഡിറ്റിൽ പുസ്തക വില്പന നടത്തിയ ഇനത്തിൽ നാളിതുവരെ 24,18,898/- രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കാനുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/23.10.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബുക്ക് മാർക്കിൽ നിന്ന് തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവന പുസ്തകങ്ങളുടെ പരിശോധന

ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു

ശ്രീ. പ്രസാദ്.ബി, അസി. ഡയറക്ടർ

1. 1.07.2009 വരെയുള്ള ശമ്പള പരിഷ്കരണങ്ങൾക്ക് മാത്രമാണ് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുള്ളത്. 2014 മുതൽക്കുള്ള ശമ്പള പരിഷ്കരണപ്രകാരം ശമ്പള നിർണ്ണയം നടത്തിയിട്ടില്ല.

2. 11.06.2014 ൽ അസി. ഡയറക്ടർ (24040-38840)ആയി പ്രൊമോഷൻ ലഭിച്ചപ്പോൾ KSR Rule 28A option (b) ആണ് ടിയാൽ സമർപ്പിച്ചത്. ആയത് പ്രകാരം 32,860/- ആയിരുന്ന ടിയാളുടെ ശമ്പളം 11.06.2014 ൽ 33,680/- രൂപയും, തുടർന്ന് ഇൻക്രിമെന്റ് തീയതിയായ 1.07.2014 ൽ ടിയാളുടെ ശമ്പളം 35,320/-രൂപയും ആകുന്നതാണ്. എന്നാൽ സേവന പുസ്തകം പേജ് നം. 28 പ്രകാരം 11.06.2014 ൽ തന്നെ 35320/- ശമ്പളം അനുവദിച്ചിട്ടുണ്ട് (11.06.2014 മുതൽ 30.06.2014 വരെ അധികമായി ശമ്പളം നൽകിയതായി കാണുന്നു).

3. 1.07.2015 ൽ ഇൻക്രിമെന്റ് അനുവദിച്ചതിന് ശേഷം ടിയാളുടെ സേവന വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

ശ്രീമതി.രജനി. എസ്, പ്യൂൺ(ഹ.ഗ്രേ.)

പ്യൂൺ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച തീയതി 10.11.2010 ആണ്. 09.11.2018 ൽ 8 വർഷ സേവനം പൂർത്തീകരിച്ച ശ്രീമതി രജനിക്ക് 10.11.2018 ൽ ഒന്നാമത്തെ ഗ്രേഡ് അനുവദിക്കാവുന്നതാണ്. 1.11.2018 ൽ ടിയാൾക്ക് ഇൻക്രിമെന്റ് അനുവദിച്ചതായി

കാണുന്നില്ല (21,650/-). ഇൻക്രിമെന്റ് അനുവദിച്ച ശേഷമാണ് പ്യൂൺ (ഹ.ഗ്രേ.) തസ്തികയിൽ 10.11.2018 ൽ ശമ്പള നിർണ്ണയം നടത്തേണ്ടിയിരുന്നത്. അപ്രകാരം 10.11.2018 ൽ ശമ്പളം 22,800/- (17000-37500) ആകുമായിരുന്നു. 1.11.2018 ൽ ഇൻക്രിമെന്റ് അനുവദിക്കാത്തത് കാരണം ടിയാൾക്ക് ഒരു ഇൻക്രിമെന്റിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (17/23.10.20) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് സേവന പുസ്തകങ്ങൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-2 പുസ്തകങ്ങളുടെ വിൽപ്പന കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല.

| | |
|---|---|
| വൗച്ചർ നമ്പർ, തീയതി | 08/05-04-2018 |
| ചെക്ക് നമ്പർ | 318698 |
| നടപടിക്രമം നമ്പർ | 251/2018/കെ.എസ്.ഐ.സി.എൽ<br><br>തീയതി 28-03-2018 |

മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിൽ 2018 ജനവരി 4 മുതൽ ഫെബ്രുവരി 6 വരെ സംഘടിപ്പിച്ച അക്ഷരയാത്രയുമായി ബന്ധപ്പെട്ട് വിൽപ്പന വിഭാഗത്തിൽ നിന്നും 23640 എണ്ണം പുസ്തകങ്ങൾ 17,07,306/- രൂപയ്ക്ക് വിൽപ്പന നടത്തിയതിൽ 50% കമ്മിഷൻ കിഴിച്ച് 8,43,368/- രൂപയുടെ പുസ്തകങ്ങൾ വിൽപ്പന നടന്നതായി ക്യാഷ് വിഭാഗത്തിൽ നിന്നും സാക്ഷ്യപ്പെടുത്തി നൽകി. എന്നാൽ വിൽപ്പന സ്റ്റേറ്റ്മെന്റ് പ്രകാരം 8,59,653/- രൂപയുടെ പുസ്തകങ്ങൾ വിൽപ്പന നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 16285 (859653-843368) രൂപ ജീവനക്കാരുടെ ഇൻസെന്റീവിൽ നിന്നും കുറവ് ചെയ്യാൻ തീരുമാനിച്ചു. 17,07,306/-രൂപയുടെ 50% 8,53,653/- രൂപയായിരിക്കെ 8,59,653/-രൂപ വിൽപ്പനയിനത്തിൽ എപ്രകാരം ലഭിച്ചു എന്നത് സംബന്ധിച്ച് വ്യക്തതയില്ല. വിൽപ്പന നടത്തിയ പുസ്തകങ്ങളുടെ വിലയായ 8,59,653/- രൂപ സ്ഥാപനത്തിൽ കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്നതിന്റെ കാരണം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/22-10-2020) പുസ്തക മേള കഴിഞ്ഞ് വിൽപ്പന വിഭാഗത്തിൽ നിന്നും ഏറ്റെടുത്ത പുസ്തകങ്ങൾ തിരികെ ഏൽപ്പിച്ച് വിൽപ്പന സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയാൽ മാത്രമേ എത്ര പുസ്തകങ്ങൾ വിൽപ്പന നടന്നു എന്ന് കൃത്യമായി കണക്കാക്കാൻ സാധിക്കുകയുള്ളൂ എന്നും ഇക്കാരണത്താലാണ് മേൽ അപാകത സംഭവിച്ചതെന്നും ഡയറക്ടർ വിശദീകരിച്ചു. പുസ്തക പ്രദർശന സമയത്ത് പുസ്തകങ്ങളുടെ ഷോർട്ടേജ് ഉണ്ടായതും ഇതിന് കാരണമായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ബുക്കാറോ ചിൽഡ്രൻസ് ഫെസ്റ്റിവൽ -സർക്കാർ ധനസഹായം ലഭ്യമായിട്ടും പ്രോഗ്രാം നടന്നില്ല

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ബുക്കാറോ ചിൽഡ്രൻസ് ഫെസ്റ്റിവലിനായി 20 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതായും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ഫെസ്റ്റിവൽ നടത്താൻ ഉദ്ദേശിക്കുന്നതായും തുക ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറണമെന്നും ബുക്കാറോ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി 15.05.2017-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചതിനെ തുടർന്ന് സ.ഉ.(സാധാ)536/2017/സാം.കാ.വ തീയതി 11.09.2017 പ്രകാരം ഫെസ്റ്റിവലിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 20.11.2017-ലെ സ.ഉ.(സാധാ)680/2017/സാം.കാ.വ. പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഈ തുക 30.11.2017-ന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ TPA 875 അക്കൗണ്ടിൽ 30.11.2017-ൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഫെസ്റ്റിവൽ സംഘാടനത്തിന്റെ കൺവീനറായി എഡിറ്റോറിയൽ അസിസ്റ്റന്റ് ഡോ.രാധികാ സി നായരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 05.01.2018-ലെ 645/2018/KSICL നമ്പർ ഉത്തരവ്). ഫെസ്റ്റിവലിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.04/20.10.2020 ന് ഫെസ്റ്റിവൽ നടന്നിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഫയലോ മറ്റ് രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫെസ്റ്റിവലിനായി സർക്കാർ അനുവദിച്ച തുക ക്രെഡിറ്റ് ചെയ്യപ്പെട്ട ശേഷവും പ്രോഗ്രാം സംഘടിപ്പിക്കാതിരുന്നത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്ത് നിന്ന് സംഭവിച്ച വീഴ്ചയായി വിലയിരുത്തുന്നു. ഈ വിഷയത്തിൽ തുടരന്വേഷണം നടത്തി വീഴ്ച സംഭവിക്കാനിടയായ കാരണം കണ്ടെത്തുകയും ഭാവിയിൽ ഇത്തരം വീഴ്ച സംഭവിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതിനുമായി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാരിൽ നിന്നും ലഭിച്ച തുക തിരിച്ചടയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തളിര് വായനാ മത്സരം കൃത്യമായി നടത്തുന്നില്ല.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വർഷവും സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 2009-10 വർഷം 03.12.2009-ലെ സ.ഉ.(സാധാ)531/2009/സി.എ.ഡി പ്രകാരം സർക്കാർ 25

ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ചിട്ടുണ്ട്. ഇതിനായി സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാസികയായ തളിര് അടിസ്ഥാനമാക്കിയുള്ള വായനാമത്സരം വർഷം തോറും സംഘടിപ്പിച്ച് പോരുന്നു. 2016-17,2017-18, 2018-19 വർഷങ്ങളിലെ വായനാമത്സരങ്ങൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ വായനാമത്സരം സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടാകുന്നതായി കാണുന്നു.

പൊതു വിദ്യഭ്യാസ ഡയറക്ടറുടെ 28.09.2015-ലെ എം.4/45014/15/ഡിപിഐ നമ്പർ സ്രുക്കുലർ, ഹയർ സെക്കന്ററി ഡയറക്ടറുടെ 30.07.2015-ലെ എസി.ഡിസി1/28372/എച്ച്.എസ്.ഇ/2015 സർക്കുലർ എന്നിവ പ്രകാരം മാസിക വരുത്തുന്ന പത്തോ അതിലധികമോ കുട്ടികളുള്ള സ്കൂളുകളിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സ്കോളർഷിപ്പിന്റെ ഭാഗമായി കുട്ടികൾക്കായി തളിര് വായനാ മത്സരം നടത്തുകയും 10 കുട്ടികളിൽ ഒരാളിന് എന്ന ക്രമത്തിൽ വിജയികൾക്ക് 300 രൂപ മുഖവിലയുള്ള പുസ്തകങ്ങൾ സമ്മാനമായി നൽകുകയും ഒരു വിദ്യാഭ്യാസ വർഷത്തിൽ നൂറോ അതിലധികമോ വരിക്കാരെ ചേർക്കുന്ന സ്കൂളുകൾക്ക് 100 വരിക്കാർക്ക് ആനുപാതികമായി 500/- രൂപ മുഖ വിലയുള്ള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ സമ്മാനമായി ലഭിക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ ലൈബ്രറിയിൽ തളിര് മാസിക വരുത്തുന്നതിന് അനുവാദവും നൽകിയിട്ടുണ്ട്. 2016-17 തളിര് വായനാമത്സരം 2017 ജനുവരി 15 മുതൽ 30 വരെ നടത്തുന്നതിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂളുകൾക്ക് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ( സർക്കുലർ No & Date. Nil).

2016-17 വായനാ മത്സരം മാർഗ്ഗ നിർദ്ദേശ പ്രകാരം വിജയികൾക്ക് സാക്ഷ്യ പത്രവും 300 രൂപയുടെ പുസ്തക കൂപ്പണമാണ് സമ്മാനം. ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ട് അയച്ചുകൊടുക്കുന്ന കൂപ്പൺ ഉപയോഗിച്ച് വിജയികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് അംഗീകരിച്ചിട്ടുള്ള പുസ്തക ശാലകളിൽ നിന്ന് 300/- രൂപയുടെ മലയാള പുസ്തകങ്ങൾ വാങ്ങാവുന്നതാണ്. വായനാമത്സരവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.രേഖകൾ പ്രകാരം 2016-17 വായനാമത്സരത്തിൽ 1860 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായിട്ടുണ്ട്.(ഫ.നം.675/ജി/2016/ സിഎൽ) ജില്ലാ പ്രൊമോട്ടർ ശ്രീ. മടന്തക്കോട് രാധാകൃഷ്ണന്റെ 22.02.2018-ലെ സമർപ്പണം പ്രകാരം കൊല്ലം ജില്ലയിലെ തളിരിന്റെ സമ്മാന കൂപ്പണുകൾ 1782 എണ്ണം സമാഹരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സമർപ്പിച്ചിട്ടുള്ളതായും തുല്യമായ തുകയ്ക്കുള്ള പുസ്തകങ്ങൾ ലഭ്യമാക്കാനും അപേക്ഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 14.03.2018-ലെ 173/2018/KSICL ഉത്തരവ് പ്രകാരം 5,34,600/- രൂപയുടെ പുസ്തകങ്ങൾ കൊല്ലം ഗ്രന്ഥപ്പുര ബുക്സിൽ എത്തിക്കുന്നതിനും 2,000/- രൂപ കണ്ടിജൻസി ചെലവുകളായും 20,000/- രൂപ സർട്ടിഫിക്കറ്റ് അച്ചടിക്കുന്നതിനായും അനുവദിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 2017-18 സാമ്പത്തിക വർഷം തളിര് വായനാമത്സരം ഹെഡിൽ ആകെ 5,56,600/- രൂപ ചെലവ് വന്നിട്ടുണ്ട്.

2. 2016-17 വായനാമത്സരത്തിൽ 1860 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായിട്ടുള്ളതിൽ 1782 വിജയികളും ഒരു ജില്ലാ പ്രൊമോട്ടറിന്റെ കീഴിലെ ജില്ലയിൽ നിന്നാണ്. മറ്റ് ജില്ലകളിൽ നിന്നുള്ള പങ്കാളിത്തം നാമമാത്രമാണ്. മറ്റ് ജില്ലകളിൽ നിന്നുള്ള വിജയികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. സ്കൂളുകൾക്ക് ലഭിക്കേണ്ട 500/- രൂപ മുഖ വിലയുള്ള പുസ്തകങ്ങൾ അർഹരായ സ്കൂളുകൾക്ക് അനുവദിച്ചിട്ടില്ല.

4. 17.11.2017-ലെ 523/2017/കെ.എസ്.ഐ.സി.എൽ ഉത്തരവ് പ്രകാരം സർട്ടിഫിക്കറ്റ് അച്ചടിക്കുന്നതിന് അഡ്വാൻസായി അനുവദിച്ച 20,000/- രൂപയുടെ ചെലവ് ക്രമീകരിച്ചതിന്റെ രേഖകളും സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/27.10.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

5. 2017-18 വായനാമത്സരം 2018-ജനുവരിയിൽ സംഘടിപ്പിച്ചിരുന്നതായും 900 കുട്ടികൾ വിജയിച്ചതായും ഫയലിൽ രേഖപ്പെടുത്തി കാണുന്നു. (ഫയൽ നം. 877/ജി/2017/സി.എൽ). എന്നാൽ മത്സരം സംഘടിപ്പിച്ചതിന്റെയോ വിജയികളെ തെരഞ്ഞെടുത്തതിന്റെയോ,വിജയികൾക്ക് കൂപ്പണുകൾ വിതരണം ചെയ്തതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. ഫയൽ രേഖകൾ പ്രകാരം 2018 ജനുവരിയിൽ സംഘടിപ്പിച്ച മത്സരത്തിന് സെപ്തംബറിലും തുടർ നടപടി ഉണ്ടായിട്ടില്ല. തുടർ നടപടി വിവരം, ചെലവ് വിവരം, 2018-19 സാമ്പത്തിക വർഷം തളിര് വായനാ മത്സരം ഇനത്തിലെ ചെലവിന്റെ വിശദാംശം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് 27.10.2020-ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷം മത്സരം സംഘടിപ്പിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സംസ്ഥാനത്താകമാനമുള്ള കുട്ടികളിൽ വായനാശിലം വളർത്തുന്നത് ലക്ഷ്യമാക്കി രൂപീകരിച്ച പദ്ധതി ലക്ഷ്യം നേടുന്നതിന് വിഘാതമായ ഘടകങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്ത് നിന്ന് ക്രിയാത്മകമായ നടപടി ഉണ്ടാകേണ്ടതുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ട് എന്ന രീതിയിൽ, സർക്കാർ തുക അനുവദിച്ചതിനുശേഷവും വ്രഷാവർഷം തദനുസൃതമായ പ്രവർത്തനം സംഘടിപ്പിക്കുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്ത് നിന്ന് സംഭവിക്കുന്ന വീഴ്ച ഗൗരവമായി വീക്ഷിക്കേണ്ടതുണ്ട്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-5 മുൻകൂറുകൾ കൃത്യമായി അക്കൗണ്ട് ചെയ്തില്ല

2017-18, 2018-19 വർഷങ്ങളിൽ അനുവദിച്ച മുൻകൂറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മുൻകൂറുകൾ ക്രമീകരിക്കുന്നതിന് സ്ഥാപനം നിശ്ചയിച്ചിരിക്കുന്ന സമയപരിധി ഒരാഴ്ച ആണെങ്കിലും ഇക്കാര്യത്തിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നു. (അനുബന്ധം 3 കാണുക)

2. മുൻകാലങ്ങളിൽ സമാനമായ പ്രവർത്തികൾക്ക് അനുവദിച്ച മുൻകൂറുകൾ കണക്കിലെടുക്കാതെ തുക അനുവദിക്കുന്നതിനാൽ വളരെയധികം തുക തിരികെ ഒടുക്കേണ്ട സാഹചര്യം ഉണ്ടാകുന്നു.(അനുബന്ധം 3 കാണുക)

3. മുൻകൂർ രജിസ്റ്റർ മേൽ പരിശോധന നടത്തി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/28-10-2020 ന് പുസ്തകമേള പോലെയുള്ളവ ഒരു മാസത്തികലധികം നീണ്ടു നിൽക്കുന്നതിനാലാണ് മുൻകൂറുകൾ ക്രമീകരിക്കുന്നതിന് കാലതാമസം വരുന്നതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു. കൂടാതെ സ്ഥാപനം ഓരോ പ്രോഗ്രാമിനും തയ്യാറാക്കുന്ന ബജറ്റിന്റെ അടിസ്ഥാനത്തിൽ ആണ് മുൻകൂറുകൾ അനുവദിക്കുന്നതെന്നും പങ്കെടുക്കുന്ന അംഗങ്ങളുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ചാണ് തുകയിൽ വ്യത്യാസം വരുന്നതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത മറുപടി പരിഗണനാർഹമല്ല.

4) 2017-18, 2018-19 വർഷങ്ങളിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന മുൻകൂറുകൾ ഇതുവരെ ക്രമീകരിച്ച് കാണുന്നില്ല.

| ക്രമ നം. | വൗച്ചർ തുക, നം, തീയതി | ഇനം | മുൻകൂർ കൈപ്പറ്റിയ വ്യക്തി | തുക |
|---|---|---|---|---|
| 1 | 7/5.4.18<br>12000/- | സർഗ്ഗവസന്തം ക്യാമ്പ്, ഡീസൽ ചെലവ് | ശ്രീ. ഡി.വിജു | 12,000/- |
| 2 | 53/25.4.18<br>18200/- | വാൻ ഡീസൽ, കണ്ടിൻജൻസി | | 2,000/- |
| 3 | 707/12.2.19<br>53750/- | വാൻ ഡീസൽ, കണ്ടിൻജൻസി | | 24,000/- |
| 4 | 708/12.2.19 | വാൻ ഡീസൽ, കണ്ടിൻജൻസി | | 2,000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 08/21-10-2020 പ്രസ്തുത മുൻകൂറുകൾ കൈപ്പറ്റിയ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടിയതായി മറുപടി നൽകിയിട്ടുണ്ട്. മുൻകൂറുകൾ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും തുക ക്രമീകരിക്കുകയും അധിക തുക തിരികെ ഒടുക്കു വരുത്താതിരിക്കുകയും ചെയ്തിട്ടുള്ളത് ഗുരുതരമായ വീഴ്ചയാണ്. ബന്ധപ്പെട്ട ജീവനക്കാരനെതിരെ ഈ വിഷയത്തിൽ നടപടിയെടുക്കാത്തതും അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. മുൻകൂർ ക്രമീകരിക്കുന്നതിന് കാലതാമസം വരുന്ന പക്ഷം കേരള ഫിനാൻഷ്യൽ കോഡ് അനുശാസിക്കുന്ന പിഴ 18% ഉൾപ്പെടെ തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സാമ്പത്തിക നില

(സ്ഥാപനം ഹാജരാക്കിയ എ.എഫ്.എസ് പ്രകാരം)

2017-18

| | |
|---|---|
| മുന്നിരിപ്പ് | 62698270.47 |
| വരവ് | 58294857.00 |
| ആകെ | 120993127.47 |
| ചെലവ് | 48180029.00 |
| നീക്കിയിരിപ്പ് | 72813098.47 |

2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് 3,84,21,738/-രൂപയാണ്. പ്രസ്തുത തുകയും സ്ഥാപനം ഹാജരാക്കിയ AFS പ്രകാരമുള്ള മുന്നിരിപ്പ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. AFS പ്രകാരമുള്ള മുന്നിരിപ്പിനെ

ആധാരമാക്കിയാണ് സാമ്പത്തികനില തയ്യാറാക്കിയിരിക്കുന്നത്.

2018-19

| | |
|---|---|
| മുന്നിരിപ്പ് | 72813098.47 |
| വരവ് | 45765120.00 |
| ആകെ | 118578218.47 |
| ചെലവ് | 43100175.00 |
| നീക്കിയിരിപ്പ് | 75478043.47 |

2017-18, 2018-19 വർഷങ്ങളിലെ എ.എഫ്.എസിൽ രേഖപ്പെടുത്തിയിട്ടുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പുകളിൽ മുസിരിസ് ഫണ്ടുകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരങ്ങൾ സ്ഥാപനത്തിന്റെ കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ആയതിന്റെ ആധികാരികത പരശോധിക്കാൻ സാധിച്ചിട്ടില്ല. ഈ ഫണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചു. ബാങ്ക് സ്റ്റേറ്റ്മെന്റും എ.എഫ്.എസിലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മറ്റ് അക്കൗണ്ടുകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ എ.എഫ്.എസ്. കാഷ് ബുക്ക്, പാസ് ബുക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

1)2017-18

| അക്കൗണ്ടിന്റെ വിശദാംശം | ക്യാഷ് ബുക്ക് | | എ.എഫ്.എസ് | | പാസ്സ്ബുക്ക് | |
|---|---|---|---|---|---|---|
| | മുന്നിരിപ്പ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
| ക്യാഷ് | 0 | 0 | 0 | 0 | 0 | 0 |
| എസ്.ബി.ഐ 8297569 (KSICL) | 20352639 | 23380490 | 3657083 | 30992017 | 6236910 | 11640.10 |
| എസ്.ബി.ഐ 524448 (തളിര്) | 5895769 | 7678701 | 8699819.47 | 10482751.47 | 5063504 | 7930947.54 |
| പി.ഡി.ഐ.ഡി | 543847 | 543847 | 543847 | 543847 | 543847 | 543847 |
| റ്റി.പി.എ 1552 | 3983696 | 4507107 | 3533973 | 4057384 | 3533973 | 4057384 |
| റ്റി.പി.എ 875 | 2645787 | 4751952 | 2711758 | 4361959 | 2711758 | 9528625 |
| എസ്.ബി.റ്റി എഫ്.ഡി | - | - | 6888841 | 7334363 | 6888841 | 733490 |
| എസ്.ബി.റ്റി. മുസിരിസ് ഫണ്ട് | - | - | 5626 | 5777 | 5626 | 5777 |
| സീപ്പ് മുസിരിസ്സ് | - | - | 3743574 | 15035000 | - | - |
| ആകെ | | | | 72813098.47 | | |

2)2018-19

| അക്കൗണ്ടിന്റെ വിശദാംശം | ക്യാഷ് ബുക്ക് | | എ.എഫ്.എസ്. | | പാസ്സ്ബുക്ക് | |
|---|---|---|---|---|---|---|
| | മുന്നിരിപ്പ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
| ക്യാഷ് | 0 | 0 | 0 | 0 | 0 | 0 |
| എസ്.ബി.ഐ 524448 | 7678701 | 8061375 | 10482751.47 | 10865425.47 | 7930947.54 | 9689787.04 |
| എസ്.ബി.ഐ 8297569 | 23380490 | 15433736 | 30992017 | 23045263 | 11640.10 | 440.60 |
| പി.ഡി.ഐ.ഡി | 543847 | 0 | 543847 | - | - | - |
| റ്റി.പി.എ 1552 | 4507107 | 4721580 | 4057384 | 4271857 | 4057384 | 4271857 |
| റ്റി.പി.എ 875 | 4751952 | 413993 | 4361959 | 24000 | 9528625 | 24000 |
| എസ്.ബി.റ്റി. F.D. | - | - | 7334363 | 7848765 | 7334363 | 7848765 |
| എസ്.ബി.റ്റി. മുസിരിസ് ഫണ്ട് | - | | 5777 | 2078.70 | 5777 | 2078.70 |
| സീപ്പ് മുസിരിസ്സ് | - | | 15035000 | 29420654 | 15035000 | 20278802 |
| റ്റി.എസ്.ബി 1624(*) | - | - | - | - | 0 | 0 |
| ആകെ | | | | 75478043.47 | | |

(*) പ്രസ്തുത അക്കൗണ്ടിലൂടെ 24-10-2018 മുതൽ 23-03-2019 വരെയുള്ള കാലയളവിൽ ആകെ 1,02,00,000/- രൂപയുടെ വരവും അത്ര തന്നെ രൂപയുടെ ചെലവും ഉണ്ടായിട്ടുണ്ട്.

സ്ഥാപനത്തിന്റെ കാഷ് ബുക്ക് ദിനാന്ത്യ, മാസാന്ത്യ, വാർഷിക ക്ളോസിംഗ് നടത്തുന്നുവെങ്കിലും അവ പാസ്ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുത്തുന്നില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.6/21.10.2020 ന് പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും കാഷ്ബുക്ക്, പാസ്ബുക്ക് നീക്കിയിരിപ്പിലെ വ്യത്യാസം രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ വിശദാംശം ഹാജരാക്കിയില്ല. ആയതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ദൈനംദിനം ലക്ഷക്കണക്കിന് രൂപയുടെ സാമ്പത്തിക ഇടപാടുകൾ നടക്കുന്ന സ്ഥാപനത്തിൽ ബാങ്ക് ഇടപാടുകൾ പരിശോധിക്കാതെ പോകുന്നത് ഗുരുതരമായ വീഴ്ചയാണ്. മുൻ വ്രഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലും ഈ രീതിയിലാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

സ്ഥാപനത്തിന്റെ കാഷ്ബുക്ക് ദിനാന്ത്യ, മാസാന്ത്യ, വാർഷിക ക്ളോസിംഗ് നടത്തി മേൽ സൂചിപ്പിച്ച വ്യത്യാസം റിക്കൺസൈൽ ചെയ്ത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-2 ഓഡിറ്റ് ചാർജ്ജ്

2017-18

| | |
|---|---|
| 2017-18 വർഷത്തെ ആകെ വരവ് | 58294857.00 |
| (-) കുറയ്ക്കുക പ്ളാൻ,നോൺ പ്ളാൻ, ഗ്രാന്റ് | 30372165.00 |
| തിരിച്ചടവുകൾ | 951477.00 |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് | 26971215.00 |
| 1% നിരക്കിൽ ഓഡിറ്റ് ചാർജ് | 269712.00 |

2018-19

| | |
|---|---|
| 2018-19 വർഷത്തെ ആകെ വരവ് | 45765120.00 |
| (-) കുറയ്ക്കുക പ്ളാൻ, നോൺ പ്ളാൻ, ഗ്രാന്റുകൾ | 23755000.00 |
| തിരിച്ചടവുകൾ | 761416.00 |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് | 21248704.00 |
| 1% നിരക്കിൽ ഓഡിറ്റ് ചാർജ് | 212487.00 |

| | |
|---|---|
| 31.03.2017ൽ ഒടുക്കാൻ ബാക്കി | 308124.00 |
| 2017-18 വർഷത്തെ ഓഡിറ്റ് ചാർജ്ജ് | 269712.00 |
| 2018-19 വർഷത്തെ ഓഡിറ്റ് ചാർജ്ജ് | 212487.00 |
| 2018-19 വർഷം ഒടുക്കുവാൻ അവശേഷിക്കുന്ന ആകെ ഓഡിറ്റ് ചാർജ്ജ് (308124 + 269712 + 212487) | 790323.00 |

## 4-3 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| 2017-18 AFS പ്രകാരമുള്ള ആകെ വരവ് | 58294857.00 |
| 2017-18 AFS പ്രകാരമുള്ള ആകെ ചെലവ് | 48780029.00 |
| 2018-19 AFS പ്രകാരമുള്ള ആകെ വരവ് | 45765120.00 |
| 2018-19 AFS പ്രകാരമുള്ള ആകെ ചെലവ് | 43100175.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |
| ഓഡിറ്റിൽ നിരാകരിച്ച തുക | ഇല്ല |
| വരവിനങ്ങളിൽ ഉള്ള നഷ്ടം | ഇല്ല |

## 4-4 ഓഡിറ്റ് സാക്ഷ്യപത്രം

2017-18, 18-19 വർഷങ്ങളിലെ വാർഷിക കണക്കുകളിലേയും, ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള രേഖകളിലെയും മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ വളരെ വ്യത്യാസം വന്നിട്ടുള്ളതിനാൽ ആയത് പരിഹരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നതുവരെ 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നില്ല.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം-1

വരവ് ചെലവ് പത്രിക

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2017-18 വർഷത്തെ വരവ് ചെലവ് പത്രിക (സ്ഥാപനം ലഭ്യമാക്കിയത്)

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് – ക്യാഷ് | 0.00 | സർക്കാർ ഗ്രാന്റ്- നോൺ പ്ലാൻ | 9062630.00 |
| ബാങ്ക് അക്കൗണ്ട്സ് എസ്.ബി.ഐ | 36570832.00 | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ | 9605526.00 |
| പി.ഡി.ഐ.ഡി | 543847.00 | കമ്പ്യൂട്ടർ & പെരിഫറൽസ് | 258981.00 |
| റ്റി.പി.എ 1552 | 3533973.00 | ഫർണിച്ചർ & ഫിറ്റിംഗ്സ് | 184642.00 |
| റ്റി.പി.എ 875 | 2711758.00 | ബിൽഡിംഗ് മെയിന്റനൻസ് | 287000.00 |
| SBI ബാങ്ക് (തളിര്) | 8699819.47 | റ്റി.ഡി.എസ് | 259710.00 |
| മുസിരീസ് എസ്.ബി.റ്റി ഫിക്സഡ് ഡെപ്പോസിറ്റ് | 6888841.00 | പ്ലാൻ എക്സ്പൻസ് | 15714011.00 |
| എസ്.ബി.റ്റി മുസിരിസ് ഫണ്ട് | 5626.00 | നോൺ പ്ലാൻ ചെലവുകൾ | 11213270.00 |
| സ്വീപ്പ് മുസിരിസ് | 3743574.00 | മറ്റ് ചെലവുകൾ റിവോൾവിംഗ് ഫണ്ട് | 835294.00 |
| നേരിട്ടുള്ള വരുമാനം പ്ലാൻ ഗ്രാന്റ് | 15462165.00 | ബാങ്ക് ചാർജ്ജസ് | 3321.00 |
| നോൺ പ്ലാൻ ഗ്രാന്റ് | 14910000.00 | തളിര് ചെലവുകൾ (തപാൽ, കൊറിയർ) | 105287.00 |
| വിൽപ്പന (ബാലസാഹിത്യം) | 9698008.00 | തളിര് ചെലവുകൾ(റമ്യൂണെറേഷൻ) | 341350.00 |
| വിൽപ്പന (തളിര്) | 2232819.00 | മുസിരിസ് ചെലവുകൾ (പ്രിന്റിംഗ്) | 95987.00 |
| മറ്റ് വരുമാനം എക്സിബിഷൻ | 2199382.00 | മുസിരിസ് ചെലവുകൾ (റോയൽറ്റി) | 1900.00 |
| റീഫണ്ട് | 951477.00 | മുസിരിസ്- സാലറി | 211120.00 |
| മറ്റിനങ്ങൾ | 519.00 | നീക്കിയിരിപ്പ് -ക്യാഷ് | 0.00 |
| പലിശ | 12305887.00 | നീക്കിയിരിപ്പ് ബാങ്ക്:- എസ്.ബി.ഐ | 30992017.00 |
| പുസ്തക വിൽപ്പന | 534600.00 | പി.ഡി.ഐ.ഡി | 543847.00 |
| | | റ്റി.പി.എ 1552 | 4057384.00 |
| | | റ്റി.പി.എ 875 | 4361959.00 |
| | | എസ്.ബി.ഐ തളിര് | 10482751.47 |
| | | മുസിരിസ് (SBI സ്ഥിരനിക്ഷേപം) | 7334363.00 |
| | | മുസിരിസ്-SBI മുസിരിസ് ഫണ്ട് | 5777.00 |
| | | മുസിരിസ് (സ്വീപ്പ് മുസിരിപ്പ്) | 15035000.00 |
| ആകെ | 120993127.47 | ആകെ | 120993127.47 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയിലെ അപാകതകൾ ഖണ്ഡിക 4-1ൽ പരാമർശിച്ചിട്ടുണ്ട്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2018-19 വർഷത്തെ വരവ് ചെലവ് പത്രിക (സ്ഥാപനം ലഭ്യമാക്കിയത്)

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരിപ്പ് – ക്യാഷ് | 0.00 | സർക്കാർ ഗ്രാന്റ്- നോൺ പ്ലാൻ | 9150513.00 |
| ബാങ്ക് അക്കൗണ്ട്സ്<br>എസ്.ബി.ഐ | 30992017.00 | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ | 8830799.00 |
| പി.ഡി.ഐ.ഡി | 543847.00 | കമ്പ്യൂട്ടർ & പെരിഫറൽസ് | 135039.00 |
| റ്റി.പി.എ 1552 | 4057384.00 | ഫർണിച്ചർ & ഫിറ്റിംഗ്സ് | 11049.00 |
| റ്റി.പി.എ 875 | 4361959.00 | ഇൻവർട്ടർ | 36980.00 |
| SBI ബാങ്ക് (തളിര്) | 10482751.47 | റ്റി.ഡി.എസ് | 213915.00 |
| മുസിരീസ്<br>എസ്.ബി.റ്റി ഫിക്സഡ് ഡെപ്പോസിറ്റ് | 7334363.00 | പ്ലാൻ ചെലവുകൾ | 11391286.00 |
| എസ്.ബി.റ്റി മുസിരിസ് ഫണ്ട് | 5777.00 | നോൺ പ്ലാൻ ചെലവുകൾ | 9240517.00 |
| സ്വീപ്പ് മുസിരിസ് | 15035000.00 | മറ്റ് ചെലവുകൾ<br>റിവോൾവിംഗ് ഫണ്ട് | 2376527.00 |
| നേരിട്ടുള്ള വരുമാനം<br>പ്ലാൻ ഗ്രാന്റ് | 10200000.00 | ബാങ്ക് ചാർജ്ജസ് | 395.00 |
| നോൺ പ്ലാൻ ഗ്രാന്റ് | 13555000.00 | തളിര് ചെലവുകൾ | 541855.00 |
| വിൽപ്പന (ബാലസാഹിത്യം) | 3291012.00 | മുസിരിസ് ചെലവുകൾ | 1171300.00 |
| വിൽപ്പന (തളിര്) | 927529.00 | നീക്കിയിരിപ്പ് – ക്യാഷ് | 0.00 |
| മറ്റ് വരുമാനം<br>എക്സിബിഷൻ | 622109.00 | ബാങ്ക് – എസ്.ബി.ഐ | 23045263.00 |
| റീഫണ്ട് | 761416.00 | പി.ഡി.ഐ.ഡി | 0.00 |
| | | റ്റി.പി.എ 1552 | 4271857.00 |
| പലവക | 8570.00 | റ്റി.പി.എ 875 | 24000.00 |
| മറ്റിനം | 74430.00 | പി.റ്റി.എസ്.ബി.1624 | 0.00 |
| വിവരാവകാശം | 780.00 | എസ്.ബി.ഐ തളിര് | 10865425.47 |
| പലിശ | 16284274.00 | മുസിരിസ് എസ്.ബി.ഐ സ്ഥിരനിക്ഷേപം | 7848765.00 |
| മുസിരിസ് വരുമാനം | 40000.00 | എസ്.ബി.ഐ മുസിരിസ് ഫണ്ട് | 2078.00 |
| | | മുസിരിസ് സ്വീപ്പ് | 25420654.00 |
| ആകെ | 118578218.47 | ആകെ | 118578218.47 |

സ്ഥാപനത്തിലെ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച അവ്യക്തത ഖ.1-8, 4-1 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-2

## മുൻകൂറുകൾ അനുവദിക്കുന്നതിലെ അപാകത

എ) മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം

| മുൻകൂർ അനുവദിച്ച തീയതി | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ഇനം | തുക | മുൻകൂർ ക്രമീകരിച്ച തീയതി |
|---|---|---|---|---|
| 27-04-2017 | ശ്രീ.വിജു.ഡി | സർഗ്ഗ വസന്തം | 12000 | 24-10-2018 |
| 11-05-2017 | ശ്രീ.സുനിൽ | പൂവ്വച്ചൽ പുസ്തകമേള | 6000 | 16-08-2017 |
| 25-05-2017 | ശ്രീ.സുനിൽ | എസ്.എസ്.എ എക്സിബിഷൻ | 3000 | 07-10-2017 |
| 21-07-2017 | ശ്രീ.മുത്തുകുമാർ | വാട്ടർ കണക്ഷൻ | 1500 | 16-04-2018 |
| 20-10-2017 | ശ്രീ.കെ.റ്റി.കൊച്ചുമോൻ | അക്ഷര യാത്ര കോട്ടയം | 50000 | 20-02-2018 |
| 13-12-2017 | ശ്രീ.ഡി.വിജു | വാൻ ഡീസൽ | 12000 | 20-03-2018 |
| 27-12-2017 | ശ്രീ.കെ.റ്റി.കൊച്ചുമോൻ | അക്ഷര യാത്ര | 50000 | 23-05-2018 |
| 27-12-2017 | ശ്രീ.ഡി.വിജു | അക്ഷരയാത്ര | 22000 | 07-11-2018 |
| 24-03-2018 | ശ്രീ.സുബിൻ.കെ.സുഭാഷ് | സർഗ്ഗ വസന്തം | 126000 | 05-07-2018 |
| 27-03-2018 | ശ്രീ.എസ്.സുനിൽ | സ്റ്റേഷനറി | 3000 | 08-11-2018 |
| 28-03-2018 | ശ്രീ.ഡി.വിജു | വാൻ സർവ്വീസ് | 26612 | 24-10-2018 |
| 07-05-2018 | ശ്രീ.വി.അനിക്കുട്ടൻ | കാർ റിപ്പയർ | 15078 | 25-10-2018 |
| 14-05-2018 | ശ്രീമതി.എസ്.രജനി | ബുക്ക് എക്സിബിഷൻ | 2000 | 11-09-2018 |
| 14-03-2019 | ശ്രീ.ഡി.വിജു | വാൻ ഡീസൽ | 10000 | 21-01-2020 |
| 25-03-2019 | ശ്രീ.സുബിൻ.കെ.സുഭാഷ് | വടക്കൻപാട്ട് കഥകൾ-തിരുത്തൽ | 5000 | 03-10-2019 |

ബി)മുൻകൂർ അധികമായി നൽകിയത്

| തീയതി | മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ഇനം | കൈപ്പറ്റിയ തുക | ചിലവ് കിഴിച്ച് തിരികെ ഒടുക്ക് വരുത്തിയ തുക (%) |
|---|---|---|---|---|
| 04-05-2017 | ശ്രീമതി.എസ്.രജനി | സർഗ്ഗ വസന്തം | 30000 | 16865 |

| | | | | |
|---|---|---|---|---|
| | | | | (56.23) |
| 13-07-2017 | ശ്രീ.സുബിൻ.കെ.സുഭാഷ് | ബോക്കാറോ ഫിലം ഫെസ്റ്റിവൽ | 10000 | 5780<br>(57.8) |
| 17-07-2017 | കാഷ്യർ | ലൈബ്രറി അസി.അഭിമുഖം | 26000 | 8385<br>(32.25) |
| 28-07-2017 | ശ്രീ.സുബിൻ.കെ.സുഭാഷ് | സാംസ്കാരിക പുസ്തകോത്സവം | 9000 | 4944<br>(54.9) |
| 13-09-2017 | ശ്രീ.അജയൻ | പുസ്തക പ്രകാശനം | 50000 | 29945<br>(59.89) |
| 18-09-2017 | കാഷ്യർ | പബ്ലിഷിംഗ് കമ്മിറ്റി @19-09-2017 | 10000 | 4199<br>(41.99) |
| 20-10-2017 | ശ്രീ.അനികുട്ടൻ | കാർ ഡീസൽ അഡ്വാൻസ് | 15000 | 5624<br>(37.5) |
| 14-11-2017 | ശ്രീ.നവന കൃഷ്ണൻ | ബാലസാഹിത്യ ശിൽപ്പശാല | 370000 | 135704<br>(36.67) |
| 28-11-2017 | ശ്രീ.സജിലാൽ | വിവേകാനന്ദ സ്പർശം | 300000<br>100000 | 217658<br>(54.41) |
| 13-12-2017 | ശ്രീ.സുബിൻ.കെ.സുഭാഷ് | ബാലസാഹിത്യ രചന ശിൽപ്പശാല | 272000 | 85680<br>(31.5) |
| 13-12-2017 | ശ്രീ.ഡി.വിജു | വാൻ, ഡീസൽ | 12000 | 8200<br>(68.33) |
| 03-02-2018 | കാഷ്യർ | ജനറൽ ബോഡി മീറ്റിംഗ് | 50000 | 30074<br>(60.15) |
| 20-02-2018 | ശ്രീ.സജിലാൽ | പുസ്തക പ്രകാശനം | 10000 | 7205<br>(72.05) |
| 27-02-2018 | ശ്രീ.സുബിൻ.കെ.സുഭാഷ് | അന്താരാഷ്ട്ര പുസ്തക മേള | 15000 | 8204<br>(54.69) |
| 04-04-2018 | ശ്രീമതി.ചിഞ്ചു പ്രകാശ് | സർഗ്ഗ വസന്തം | 130000 | 45604<br>(35.08) |
| 17-04-2018 | ശ്രീ.നവനീത് കൃഷ്ണൻ | സർഗ്ഗ വസന്തം | 150000 | 60050<br>(40.03) |
| 16-04-2018 | ശ്രീ.സുബിൻ.കെ.സുഭാഷ് | റേഡിയോ മീഡിയ വില്ലേജ് | 15000 | 8815<br>(58.76) |
| 24-04-2018 | ശ്രീമതി.സെലിൻ | സർഗ്ഗ വസന്തം | 130000 | 46845<br>(36.03) |
| 30-04- | ശ്രീ.സുബിൻ.കെ.സുഭാഷ് | അടൂർ ബുക്ക് ഫെയർ | 15000 | 11660 |

| | | | | |
|---|---|---|---|---|
| 2018 | | | | (77.73) |
| 07-05-2018 | ശ്രീമതി.സഫിയ | സർഗ്ഗ വസന്തം | 160000 | 49779 (31.11) |
| 19-02-19 | ശ്രീമതി.സഫിയ | നാടക ക്യാമ്പ് | 150000 | 59405 (39.6) |
| 26-02-19 | ശ്രീമതി.ഗായത്രി ദേവി | ചിൽഡ്രൻസ് ലിറ്ററേച്ചർ വർക്ക് ഷോപ്പ് | 250000 | 103999 (41.59) |
| 26-02-2019 | ശ്രീ.നവനീത് കൃഷ്ണൻ | | 200000 | 60365 (30.18) |
| 26-02-2019 | ശ്രീമതി.രാധിക ദേവി | | 250000 | 104555 (41.82) |
| 12-03-2019 | ശ്രീമതി.സെലിൻ | ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | 124999 | 57778 (46.23) |

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.